# കേരള സർക്കാർ

## സംഗ്രഹം

ഫിഷറീസ് - 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക ഉപദേശം നൽകൽ - ഉദ്യോഗസ്ഥരെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

**സ.ഉ (കൈ) നം.30/14/മ.തു.വ** **തിരുവനന്തപുരം, തീയതി.28/04/2014**

---

പരാമർശം:- 1. ഫിഷറീസ് ഡയറക്ടറുടെ 12/11/2013-ലെ സി3/17641/99 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിലെ 3-ാം വകുപ്പ് 2-ാം ഉപവകുപ്പിൽ, ഫിഷറി സംബന്ധിച്ച കാര്യങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതിക ഉപദേശം നൽകേണ്ടത് സംബന്ധിച്ച ചുമതല സർക്കാർ ഇതിലേക്കായി നിയോഗിക്കുന്ന ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥൻമാരിൽ നിക്ഷിപ്തമായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ അതത് ജില്ലകളിലെ ജില്ലാ ആഫീസർമാർക്ക് ഈ ചുമതല നൽകി ഉത്തരവാകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിലെ 3-ാം വകുപ്പ് 2-ാം ഉപവകുപ്പിൻ പ്രകാരം ഫിഷറി സംബന്ധിച്ച കാര്യങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതിക ഉപദേശം നൽകുന്നതിന് ഓരോ ജില്ലയിലും ഫിഷറീസ് വകുപ്പിലെ അതത് ജില്ലാ ആഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണറുടെ ഉത്തരവിൻപ്രകാരം**
**കെ.ആർ.ജ്യോതിലാൽ**
**ഗവൺമെന്റ് സെക്രട്ടറി**

**To**

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം 695 081
എക്സിക്യൂട്ടീവ് ഡയറക്ടർ, അഡാക്ക്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഫിർമ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം
എല്ലാ ജില്ലാ ഫിഷറീസ് ആഫീസർമാർക്കും (ഫിഷറീസ് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റുമാർക്കും
(ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റുമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ആഫീസർ**